# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2930

10.03.2017-ൽ മറുപടിയ്ക്ക്

## ഇളംകാട്-വാഗമൺ റോഡ്

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2010-ൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത ഇളംകാട് വാഗമൺ റോഡിന്റെ പണി ആറുവർഷക്കാലമായിട്ടും പൂർത്തീകരിയ്ക്കാതെ മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി. സെക്ഷനിൽ, G1/115/2016/പി.ഡബ്ല്യു.ഡി. എന്ന നമ്പരിലുള്ള ഫയലിൽ, പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | (ബി) 23.08.2016-ൽ പ്രസ്തുത റോഡിന്റെ പണിയുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയതിൻ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) പ്രസ്തുത റോഡിന്റെ പണി വീണ്ടും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കുന്നതിന്റെ നടപടി ഏതു ഘട്ടംവരെയായി; വിവരിയ്ക്കുമോ; | (സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമായിട്ടില്ല. |
| (ഡി) ഇതിലേയ്ക്കായി സൂപ്രണ്ടിങ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാരിലേക്ക്/ബഹു. മന്ത്രിക്ക്, പല ഘട്ടങ്ങളിലായി 1) Letter No.116/ചീഫ് വിപ്പ്/2013 dated 26-3-2013 പ്രകാരവും 2) Letter No.161/ചീഫ് വിപ്പ്/2012(R) dated 6-5-2013 പ്രകാരവും 3) Letter No.MLA/PNJR/GP/48/2016-17 dated 28-9-2016 പ്രകാരവും ചീഫ് വിപ്പ് എന്ന നിലയിലും എം.എൽ.എ. എന്ന നിലയിലും കത്തുകൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തുകളുടെ വെളിച്ചത്തിൽ ബഹു. മന്ത്രിയുടെ അനുകൂല ഉത്തരവുണ്ടായിട്ടും പ്രവൃത്തി പുനരാരംഭിക്കാൻ ഉദ്യോഗസ്ഥതലത്തിൽ നിന്നും താമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയും, അധിക വിവരങ്ങൾ ആവശ്യപ്പെട്ട കൊണ്ടും ഫയൽ വിശദമായി പരിശോധിക്കുന്നതിനുള്ള സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. |

| | |
|---|---|
| (എഫ്) 2010-ൽ പ്രസ്തുത വർക്ക് കെ.എസ്.സി.സി. ഏറ്റെടുക്കുന്നത് എത്ര തുകയ്ക്കാണ്; വിശദമാക്കുമോ; പ്രസ്തുത റോഡിന്റെ പണി വീണ്ടും കെ.എസ്.സി.സി.ആണ് ഏറ്റെടുത്ത് നടത്തുന്നതെങ്കിൽ ഇപ്പോഴത്തേതിന്റെ തുക എത്രയാണ്; വ്യക്തമാക്കുമോ; | (എഫ്) 29.03.2010-ലെ എഗ്രിമെന്റ് പ്രകാരം കെ.എസ്.സി.സി. 14,73,00,818/- രൂപയ്ക്കാണ് പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത്. തുടർന്നും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് പ്രവൃത്തി നൽകണമോ വേണ്ടയോ എന്നതിന്മേൽ തീരുമാനമായിട്ടില്ല. |
| (ജി) പ്രസ്തുത റോഡ് പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംരംഭിയ്ക്കുമെന്നും ഇനി എത്ര കിലോമീറ്റർ കൂടി പണി ചെയ്യാനവശേഷിക്കുന്നുണ്ട് എന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; റോഡ് പണി എത്രയും പെട്ടെന്ന് പൂർത്തീകരിയ്ക്കുവാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ? | (ജി) കരാർ പ്രകാരം 0/000 മുതൽ 8/065 കി.മീ. വരെ 5.5 മീറ്റർ വീതിയിൽ പണി പൂർത്തീകരിക്കേണ്ട തുണ്ട്. എന്നാൽ 0/000 മുതൽ 2/140 കി.മീ. വരെ 5.5 മീറ്റർ വീതിയിൽ 20mm ചിപ്പിംഗ് കാർപ്പെറ്റ് മാത്രമേ ചെയ്തിട്ടുള്ളൂ. 2/140 മുതൽ 6/740 കി.മീ. വരെ, അതായത് 4.6 കി.മീ. ദൂരത്തിൽ റോഡിന്റെ ഫോർമേഷൻ, സംരക്ഷണ ഭിത്തി, പൈപ്പ് കൾവർട്ട്, ഐറിഷ് ഡ്രെയിൻ റോഡ് സേഫ്റ്റി പ്രവൃത്തികൾ മുതലായവും ചെയ്തു തീർക്കാനുണ്ട്. 6/740 മുതൽ 8/065 കി.മീ. വരെ 1.325 കി.മീ. ദൂരം PMGSY സ്കീമിൽ 3.8 മീറ്റർ വീതിയിൽ മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ഈ വിഷയം കൈകാര്യം ചെയ്യുന്ന ഫയലിൽ (ജി1/115/2016) അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അടിയന്തിര നടപടികൾ പുരോഗമിച്ചു വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

അനുബന്ധം

## റിപ്പോർട്ട്

**ഇളങ്കാട് - വല്യന്ത - കോലാഹലമേട് - വാഗമൺ റോഡ് കി.മീ.0/000 മുതൽ 8/065 വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പണികൾ - സംബന്ധിച്ച്**

പ്രസ്തുത പണിയുടെ ഭരണാനുമതി GO(Rt)No.1045/2009 PWD dated 14/7/2009 പ്രകാരം 1875 ലക്ഷം ലഭിക്കുകയുണ്ടായി. തുടർന്ന് സാങ്കേതികാനുമതി 1600/- ലക്ഷത്തിനു ലഭിക്കുകയുണ്ടായി. ഇതു പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രസ്തുത പണി ടെൻഡർ ചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വോട്ടു ചെയ്യുകയും ചെയ്തു. (6.4% below E/R).

കേരള സംസ്ഥാന നിർമ്മാണ കോർപ്പറേഷനുമായി 29/3/10 ൽ Agt.No.342/SESC/09-10 പ്രകാരം 14,73,00,818/- തുകയുടെ കരാറിൽ ഏർപ്പെടുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 18 മാസം കൊണ്ട് പൂർത്തീകരിക്കത്തക്കവിധത്തിൽ 16/04/2010 ൽ site hand over ചെയ്യുകയും ചെയ്തു. തുടർന്ന് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടായതിനാൽ '3' തവണകളായി 31/12/2015 വരെ കരാർ ദീർഘിപ്പിച്ചുനൽകുകയും ചെയ്തു. തുടർന്നും പ്രവൃത്തി പൂർത്തീകരിക്കുവാൻ പ്രസ്തുത സ്ഥാപനത്തിനു കഴിയാതെ വന്നതിനാൽ കരാർ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദു ചെയ്യുകയും ചെയ്തു.

പ്രസ്തുത പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ risk and cost ൽ arrange ചെയ്തതായും ആയതിനാൽ ഇത് ഒരു ഗവൺമെന്റ് സ്ഥാപനമായതിനാൽ അതുമൂലമുണ്ടാവുന്ന അധിക സാമ്പത്തിക ചെലവ് Kerala State Construction Corporation ന് താങ്ങാനാകില്ലയെന്നും ആയതിനാൽ പ്രസ്തുത കരാർപ്രകാരം ഈ റോഡ് ഗതാഗത യോഗ്യമാക്കിതീർത്തുകൊള്ളാമെന്നും റിസ്ക് ആന്റ് കോസ്റ്റിൽ നിന്നും ഒഴിവാക്കിതരണമെന്നും 23/8/2016 ന് Kerala State Construction Corporation ന്റെ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു. ഇതുവരെ പ്രസ്തുത കരാർ കമ്പനി 5,50,68,940/- രൂപായുടെ പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്

അവശേഷിക്കുന്ന പണികൾ താഴെ പറയുന്നവ

1. 0/00 മുതൽ 2/140 വരെയുള്ള 20mm chipping carpet ന്റെ പണികൾ തീർത്തുകഴിഞ്ഞു.
2. 2/140 മുതൽ 6/740 വരെയുള്ള 4.60 കി.മീ road formation, retaining wall, pipe culvert, Irish drain മുതലായവയും Road safety work കൾ എന്നിവ ചെയ്തു തീർക്കുവാനുണ്ട്.

തുടർച്ച......2

3. 6/740 മുതൽ 8/065 വരെയുള്ള 1.325 കിമി നീളം, 3.80 മീറ്റർ വീതി റോഡ് PMGSY Scheme നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.
4. 8/065 മുതൽ 9/280 1.215കിമി ദൂരത്തിൽ 3.80 മീറ്റർ വീതിയിൽ 20mm chipping carpet, PMGSY Scheme ൽ ചെയ്തിട്ടുണ്ട്.
5. 9/280 മുതൽ 9/380 വരെയുള്ള 100മീറ്റർ ദൂരം അധികമായി ചെയ്താൽ റാന്നി ഗണ്‍ റോഡിലേയ്ക്ക് എത്തിച്ചേരാം. പ്രസ്തുത ദൂരം ഈ project ൽ മുമ്പ് ഉൾപ്പെടുത്തിയിട്ടില്ല.
6. പ്രസ്തുത റോഡ് BM & BC നിലവാരത്തിലേയ്ക്ക് ഉയർത്താനായി വിശദമായ എസ്റ്റിമേറ്റ് ഉടൻ ഗവൺമെന്റിൽ സമർപ്പിക്കുന്നതുമാണ്.

അവശേഷിക്കുന്ന പണികൾ മൊത്തം കരാർ തുകയായ 15,70,73,706/ രൂപയിൽ നിന്നും 5,50,68,940/ രൂപയുടെ പണികൾ കിഴിച്ചാൽ ബാക്കി രൂപ 10,20,04,763/ ബാക്കി ചെയ്തുതീർക്കേണ്ട പ്രവൃത്തിയും അതിനുവേണ്ടിവരുന്ന തുകയും. പ്രസ്തുത ബാലൻസ് എസ്റ്റിമേറ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു.

സൂപ്രണ്ടിംഗ് എഞ്ചിനീയർ

സെക്ഷൻ ഓഫീസർ